നം.ഇ3/8014/98.

ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി, 30-11-1999.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ (സംരക്ഷണം)
തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും,
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.

സർ,

വിഷയം:- കശുവണ്ടി ശേഖരണാവകാശം ലേലംചെയ്യുന്നത് - പുതുക്കിയ ലേല നിബന്ധന - സംബന്ധിച്ച്.

സൂചന:-

. . . .

കശുവണ്ടി ശേഖരണാവകാശം ലേലംചെയ്യുന്നതിനുള്ള നിലവിലുള്ള നിബന്ധനകളുടെ കൂടെ താഴെ പറയുന്ന നിബന്ധന കൂടെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പാർട്ട് വാല്യൂ - ലേലംകൊണ്ടയാൾ യൂണിറ്റ് ഒന്നിന് മൊത്തം തുകയുടെ മൂന്നിലൊന്ന് തുകയോ ഒരു ലക്ഷം തുകയോ ഏതാണ് കുറവ് അത് കെട്ടിവയ്ക്കേണ്ടതാണ്.

2. പോസ്റ്റ് ഓഫറുകൾ - ദർഘാസ്/ലേലത്തിനുശേഷം മൂന്ന് ദിവസത്തിനകം അതാത് ഓഫീസിൽ ലഭിക്കുന്ന രേഖാമൂലമായ ദർഘാസ്/ലേലാനന്തര വാഗ്ദാനങ്ങൾ (പോസ്റ്റ് ഓഫറുകൾ) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കേണ്ടതാണ്

   (എ) ദർഘാസ്/ലേലത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള തുക ലക്ഷത്തിൽ കുറയുകയാണെങ്കിൽ 10 ശതമാനത്തിലും ഒരു ലക്ഷമോ അതിൽ താഴയോ ആണെങ്കിൽ 20 ശതമാനത്തിലും കൂടുതലായിട്ടുള്ള വാഗ്ദാനങ്ങളെ സ്വീകരിക്കുകയുള്ളൂ.

   (ബി) ദർഘാസ്/ലേല ദിവസം പ്രസ്തുത ബ്ളോക്കിനുവേണ്ടി അടച്ചിട്ടുള്ള തുകയുടെ ഇരട്ടി ഡിമാന്റ് ഡ്രാഫ്റ്റായി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ പേരിൽ അതാത് ഡിവിഷണൽ ഫോറസ്റ്റാഫീസിൽ മാറത്തക്കവിധം അടക്കേണ്ടതാണ്.

   (സി) ഇതിലേക്കായി പ്രത്യകം ഉടംപടി വയ്ക്കേണ്ടതാണ്.

മേൽപറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി പോസ്റ്റ് ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ അടച്ച തുക മുഴുവൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിച്ചുകൊണ്ട് പൊതു ദർഘാസ് ലേലം വീണ്ടും നടത്തുന്നതാണ്. പ്രസ്തുത ദർഘാസ് ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുക പോസ്റ്റ് ഓഫർ തുകയേക്കാൾ കുറവാണെങ്കിൽ പോസ്റ്റ് ഓഫറിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതുകയ്ക്ക് ദർഘാസ് /ലേലം ഉറപ്പിക്കുന്നതാണ്. പോസ്റ്റ് ഓഫർ സമർപ്പിച്ച ആൾ ഇത് അടച്ചിട്ടുള്ള മുഴുവൻ തുകയും ഡിവിഷനിലേയ്ക്ക് വസൂൽചെയ്യുന്നതാണ്. എന്നാൽ ദർഘാസ് ലേലത്തിൽ കിട്ടുന്ന തുകയാണ് കൂടുതൽ എങ്കിൽ അപ്രകാരം ഓഫർ ചെയ്തിട്ടുള്ള ലൈസൻസിക്ക് ദർഘാസ് ലേലം സ്ഥിരപ്പെടുത്തുന്നതും പോസ്റ്റ് - ഓഫർ സമർപ്പിച്ചിട്ടുള്ള ആൾ അടച്ചിട്ടുള്ള മൊത്തം തുകയും മടക്കിക്കൊടുക്കുന്നതാണ്.

(3) ദർഘാസ്/ലേലം സംബന്ധിച്ച ഗസറ്റിൽ പരസ്യപ്പെടുത്തുംപോൾ നിശ്ചയിക്കപ്പെട്ട ദർഘാസ്-ലേല തീയതികൾക്ക് പുറമേ 15 ദിവസം ഇടവേള നൽകി മറ്റ് രണ്ട് ദർഘാസ്-ലേല തീയതികൾക്കൂടി നിശ്ചയിച്ച് ആദ്യദർഘാസ് ലേലത്തിൽ വിൽക്കപ്പെടാത്തതോ മറ്റു തരത്തിൽ പുനർലേലം ആവശ്യമായി വരുന്നതോ ആയ യൂണിറ്റുകൾ വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകിരക്കേണ്ടതാണ്.

(4) ദർഘാസ്/ലേല സ്ഥിരീകരണ തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ മുഴുവൽ പണവും അടയ്ക്കുവാനുള്ള സമയ പരിധിയായി നിശ്ചയിച്ചിരിക്കുന്നു. ഈ തീയതിക്കകം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർ/കൺസർവേറ്റർ ലേല സ്ഥിരീകരണം നൽകേണ്ടതാണ്. ഈ തീയതിയ്ക്ക് ശേഷം പലിശയോടുകൂടിയോ, പിഴ പലിശയോടുകൂടിയോ പണം ഒടുക്കുവാനുള്ള അവസരംകൊടുക്കേണ്ടതില്ല.

(5) മേൽപറഞ്ഞപ്രകാരം ബാക്കി ലേലത്തുകയും, നിലവിലിരിക്കുന്ന സെക്യൂരിറ്റി തുകയും *മറ്റും ഒടുക്കുവാൻ വീഴ്ച വരുത്തുന്ന ആളുടെ കെട്ടിവച്ച മൂന്നിലൊന്ന് തുക കണ്ടു* കെട്ടുകയും ടി തോട്ടം പുനർ ദർഘാസ്/ലേലപരസ്യം ഒഴി വില്ക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

പകർപ്പ്: :- സ്റ്റോക്ക് ഫയലിലേയ്ക്ക്.
" ജൂനിയർ സൂപ്രണ്ടിന്റെ സ്റ്റോക്ക് ഫയലിലേക്ക്.

ഇണ്ടാസ് നം.ടി.ആർ 8072/99 തീയതി 10-2-2000.

കെ.സി.17.12. പകർപ്പ്:- തൃശ്ശൂർ ഡി.എഫ്.ഒ യ്ക്ക് അയക്കുന്നു.
" കൺസർവേറ്റർക്ക്, ടി.എ. എസ്.എസ്.എം.എസ് സി എച്ച് എന്നീ സെക്ഷനിലേയ്ക്ക്.

കൺസർവേറ്റർക്കുവേണ്ടി.